**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കൻഡറി വിഭാഗത്തിൽ അക്കൗണ്ട്സ് ഓഫീസർ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ മതിയായ യോഗ്യത നിർണയിച്ച സ്പെഷ്യൽ റൂൾസ് രൂപീകരിക്കാതെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എത്ര തവണ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഹയർ സെക്കന്ററി വിഭാഗത്തിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് യോഗ്യത നിർണ്ണയിച്ചു കൊണ്ടുള്ള 04/01/2025-ലെ സ.ഉ(കൈ)നം.03/2025/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തിയിട്ടില്ല.** |
| (ബി) | പ്രസ്തുത പ്രമോഷനുകൾ നൽകിയപ്പോൾ മൂന്നു മാസത്തിനകം സ്പെഷ്യൽ റൂൾസ് രൂപീകരിക്കണമെന്നും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഇത്തരം പ്രമോഷനുകൾ ആവർത്തിക്കേണ്ടതില്ലെന്നും ബന്ധപ്പെട്ട ഫയലിൽ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രമോഷനുകൾ നടത്തുന്നതിനുള്ള യോഗ്യതകൾ സംബന്ധിച്ചും പ്രമോഷനുകൾ നടത്തിയിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും ബന്ധപ്പെട്ട ഫയലുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | **ഹയർ സെക്കന്ററി വിഭാഗത്തിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് യോഗ്യത നിർണ്ണയിച്ചു കൊണ്ടുള്ള 04/01/2025-ലെ സ.ഉ(കൈ)നം.03/2025/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തിയിട്ടില്ല.** |
| (സി) | ഡി.പി.ഐ., ഡി.ഇ.ഒ., എ.ഇ.ഒ., എ.ഡി., ആർ.ഡി.ഡി. എന്നീ ഓഫീസുകളെ ലയിപ്പിക്കുന്നതിനുള്ള ചട്ട ഭേദഗതി വകുപ്പിലെ റീകൺസ്ട്രക്ഷൻ സെൽ സെക്ഷനിൽ നടന്നുകൊണ്ടിരിക്കെ ആയത് മറികടന്ന് അത്യാവശ്യ യോഗ്യതയായ കെ.ഇ.ആർ. ഒഴിവാക്കി വീണ്ടും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മതിയായ യോഗ്യത ഇല്ലാത്തവർക്ക് പ്രമോഷൻ നൽകി (കൈ)നമ്പർ.3/2025/ജി.ഡി.ഇ.എൻ. നമ്പർ സർക്കാർ ഉത്തരവിറക്കിയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിലെ മിനിസ്റ്റീരിയൽ തസ്തികകൾക്ക് ഒന്നും കെ.ഇ.ആർ. യോഗ്യതയായി നിശ്ചയിച്ചിട്ടില്ല.**അക്കൗണ്ട്സ് ഓഫീസർ തസ്തികക്ക് ജനറൽ റൂൾ പ്രകാരമായിരുന്നു സ്ഥാനക്കയറ്റം നൽകി വന്നിരുന്നത്. എന്നാൽ ജനറൽ റൂളിൽ ഹയർ സെക്കന്ററി വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് സ്ഥാനക്കയറ്റം നൽകുന്നതിലേക്കായി യോഗ്യത നിശ്ചയിച്ചുകൊണ്ടാണ് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നത് .** |
| (ഡി) | പ്രസ്തുത ഉത്തരവ് ഇറക്കുന്നതിനായി ചട്ടവും ഫയലിലെ മുൻ ഉത്തരവുകളും മറികടന്ന് | (ഡി) | ഈ വിഷയത്തിൽ വിശദമായ പരിശോധനകൾക്ക് ശേഷം ഉചിത തലത്തിലാണ് തീരുമാനം |

| | | | |
|---|---|---|---|
| | പൊതുവിദ്യാഭ്യാസ (സി) സെക്ഷൻ അണ്ടർ സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഇടപെടലുകളും അമിത താല്പര്യവും പരിശോധിക്കുമോ? | | കൈകൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ